# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2709** — **12.10.2011 ൽ മറുപടിയ്ക്ക്**

## പുതിയ സംരംഭങ്ങൾക്ക് ദീർഘകാല വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിപുലമായ വായ്പാ സൗകര്യവും സാമ്പത്തിക സഹായവും നൽകുന്ന കാര്യം സഹകരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (എ) കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിപുലമായ വായ്പാ സൗകര്യവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതികൾ സഹകരണ വകുപ്പിന്റെ കീഴിലുണ്ട്. |
| (ബി) എങ്കിൽ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന ഉൽപാദന മേഖലയിൽ പുതിയ സംരംഭങ്ങൾക്കായി ദീർഘകാല 'സംരംഭക വായ്പ' നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കായി പുതു സംരംഭങ്ങൾക്ക് ദീർഘകാല വായ്പ നൽകി വരുന്നു. |
| (സി) സഹകരണ ആശുപത്രികൾക്ക് ആധുനിക ഉപകരണങ്ങൾ, കിടക്കകൾ എന്നിവ വാങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകുമോ; | (സി) സഹകരണ ആശുപത്രികൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരം പദ്ധതിയുടെ 40% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയായും നൽകി വരുന്നു. കേന്ദ്ര ആവിഷ്കൃത പദ്ധതികളായ എൻ.സി.ഡി.സി. നബാർഡ് എന്നിവ പ്രകാരവും ധനസഹായം നൽകി വരുന്നു. എൻ.സി.ഡി.സി. പദ്ധതി പ്രകാരം മാർജിൻ മണി ധനസഹായം, പ്രവർത്തന മൂലധന സഹായം, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ആശുപത്രി സംഘങ്ങളുടെ |

വിപുലീകരണത്തിന് വേണ്ടിയും ധന സഹായം നൽകുന്നു.

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ എത്ര ആശുപത്രികൾക്ക്; എത്ര തുക വീതം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന പദ്ധതി പ്രകാരം ഒരു ആശുപത്രി സഹകരണ സംഘത്തിന് വായ്പ, ഓഹരി, സബ്സിഡിയായി മൊത്തം 30 ലക്ഷം രൂപ ധനസഹായം നൽകി വരുന്ന എൻ.സി.ഡി.സി. പദ്ധതി പ്രകാരം 90% വായ്പയായും ഓഹരിയായും നൽകി വരുന്നു. ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുക നൽകി വരുന്നു. |
| (ഇ) | വിദ്യാഭ്യാസ മേഖലയിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഇ) | അപേക്ഷ ലഭിക്കുന്നതനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 1969 ലെ കേരള സഹകരണ നിയമം അനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾക്ക് ബന്ധപ്പെട്ട അംഗീകാരം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയും/സർവ്വകലാശാല അനുമതിയും ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വകുപ്പുതല അനുമതി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നൽകുന്നതാണ്. |

| | |
|---|---|
| (എഫ്) 'കേപ്പി'ന്റെ കീഴിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുമോ; എങ്കിൽ എവിടെയായിരിക്കും ആരംഭിക്കുക; വിശദാംശങ്ങൾ നൽകുമോ? | (എഫ്) കേപ്പിന്റെ കീഴിൽ ആറന്മുളയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ